**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമ പഞ്ചായത്ത് വിവിധങ്ങളായ പദ്ധതികൾ ഉദ്ഘാടനം ചെയ്ത ഇനത്തിൽ തുക ചെലവഴിച്ചതിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.143/2021/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി,**20/01/2021**

പരാമർശം:- പുതുപ്പാടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച 05/11/2020 ലെ അപേക്ഷ

**<u>ഉത്തരവ്</u>**

പുതുപ്പാടി ഗ്രാമ പഞ്ചായത്ത് വിവിധ വർഷത്തെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച പുഴംകുന്ന് ഹോമിയോ ഡിസ്പെൻസറി,പഞ്ചായത്ത് ഓഫീസ് നവീകരിച്ച കെട്ടിടം ഉദ്ഘാടനം,കാരക്കുന്ന് ഗ്യാസ് ക്രിമറ്റോറിയം ഉദ്ഘാടനം, മലപുറം സ്കൂൾ കെട്ടിടം ഉദ്ഘാടനം,വനിതാ ഉത്പന്ന വിപണന കേന്ദ്രം ഈങ്ങാപ്പുഴ ഉദ്ഘാടനം,ബഡ്സ് സ്കൂൾ തൊഴിൽ പരിശീലന കേന്ദ്രം,അടിവാരം കുടുംബാരോഗ്യ കേന്ദ്രം ഉപകേന്ദ്രം കെട്ടിടം, തട്ടൂർ പറമ്പ് റോഡ്,നീരിറ്റിക്കൽ പുല്ലുമല റോഡ് എന്നിവയുടെ ഉദ്ഘാടനം ചെയ്ത ഇനത്തിൽ ചെലവായ 165839/- രൂപ ചെലവഴിച്ചതിന് അനുമതി നൽകുന്നതിനായി പുതുപ്പാടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുതുപ്പാടി ഗ്രാമ പഞ്ചായത്ത് വിവിധ വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച വിവിധങ്ങളായ പദ്ധതികൾ ഉദ്ഘാടനം ചെയ്ത ഇനത്തിൽ 165839/- രൂപ (ഒരു ലക്ഷത്തി അറുപത്തയ്യായിരത്തി എണ്ണൂറ്റി മുപ്പത്തിയൊമ്പത് രൂപ)ചെലവഴിച്ചതിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം, )

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി/പ്രസിഡന്റ്,പുതുപ്പാടി ഗ്രാമ പഞ്ചായത്ത്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ



Signature Not Verified

Digitally signed by S BINDU
Date: 2021.01.20 11:42:22 IST
Reason: Approved